പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1488

15.2.2016-ൽ മറുപടിക്ക്

## ടാക്സി-സ്റ്റാൻഡുകളും ഓട്ടോറിക്ഷാ സ്റ്റാൻഡുകളും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ. കെ. ശശീന്ദ്രൻ | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ടാക്സി-സ്റ്റാൻഡുകളും ഓട്ടോറിക്ഷാ സ്റ്റാൻഡുകളും അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) ഗ്രാമപഞ്ചായത്തുകളിൽ 1995 ലെ കേരള പഞ്ചായത്ത് രാജ് (ഇറക്കു സ്ഥലങ്ങൾ, വിരാമ സ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റ് വാഹന സ്റ്റാന്റുകൾ) ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ചാണ് വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് സ്ഥലം ഒരുക്കേണ്ടത്.<br>കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 472. 474 എന്നീ വകുപ്പുകൾ പ്രകാരമാണ് നഗരസഭകൾ പൊതു വണ്ടിത്താവളങ്ങൾ ഉണ്ടാക്കുകയോ ഏർപ്പെടുത്തുകയോ ചെയ്യുന്നത്. ട്രാഫിക് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനങ്ങൾ അനുസരിച്ചാണ് ടാക്സി സ്റ്റാന്റുകളും ഓട്ടോറിക്ഷാ സ്റ്റാന്റുകളും അനുവദിക്കുന്നത്. |
| (ബി) മാനദണ്ഡങ്ങൾ പാലിക്കാത്തതും അംഗീകാരമില്ലാത്തതുമായ ഓട്ടോറിക്ഷാ സ്റ്റാൻഡുകൾ സംസ്ഥാനത്തുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) മാനദണ്ഡങ്ങൾ പാലിക്കാത്തതും അംഗീകാരമില്ലാത്തതുമായ ഓട്ടോറിക്ഷാ സ്റ്റാൻഡുകൾ സംസ്ഥാനത്തുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | തിരുവനന്തപുരം പേട്ട ജംഗ്ഷനിൽ പുതുതായി പണി തീർത്ത പാലത്തിലേയ്ക്ക് ചാക്ക ബൈപാസിൽ നിന്നും വരുന്ന റോഡ് തിരിയുന്ന ഭാഗത്ത്, അനധികൃതമായി ഓട്ടോറിക്ഷാ സ്റ്റാൻഡ് സ്ഥാപിച്ചിരിക്കുന്നതും , ടൂ വീലറും ഓട്ടോറിക്ഷയും പാർക്ക് ചെയ്യുന്നതും മൂലം കാൽനട യാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | എങ്കിൽ തിരക്ക് കുറഞ്ഞ ഭാഗത്തേയ്ക്ക് വാഹന പാർക്കിംഗ് മാറ്റുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ